## ഡൺസ്റ്റനച്ചൻ:
## സി.എം.ഐ. സന്ന്യാസസമൂഹത്തിലെ വേറിട്ടൊരു സന്ന്യാസി



വിശുദ്ധമായ ജീവിതംകൊണ്ടും നന്മനിറഞ്ഞ ബന്ധങ്ങൾകൊണ്ടും നീതിനിഷ്ഠമായ കാഴ്ചപ്പാടുകൾകൊണ്ടും വേറിട്ട ഒരു സന്ന്യാസ വ്യക്തിത്വമായിരുന്നു ഞാൻ കണ്ട ഡൺസ്റ്റൻ ഒലക്കേങ്കലച്ചൻ. സി.എം.ഐ. സന്ന്യാസസമൂഹത്തിന്റെ സ്വത്വത്തെ തിരിച്ചറിയുകയും തന്റേതായ ജീവിതശൈലികൊണ്ട് അതിനെ കൂടുതൽ ആഴപ്പെടുത്തുകയും മഹത്വരമാക്കുകയും ചെയ്തയാളാണ് അദ്ദേഹം.

ഒരു പക്ഷെ, പ്രേഷിത പ്രവിശ്യയുടെ ചരിത്രത്തിൽ ഏറ്റവും സാധാരണക്കാരനായി, ദരിദ്രരിൽ ദരിദ്രനായി, ഏറ്റവും എളിയ രീതികളിൽ സ്വന്തം ജീവിതത്തെ ക്രമീകരിച്ച ഡൺസ്റ്റനച്ചൻ, തന്റെ വിശുദ്ധി നിറഞ്ഞ ജീവിതംകൊണ്ട് ഏറ്റവും മഹത്വമേറിയ ഒരു സ്ഥാനം തന്നെ അറിയുന്നവരുടെയെല്ലാം മനസ്സുകളിൽ നേടിയിട്ടുണ്ട്. ഈ മഹത്വപൂർണമായ സ്ഥാനം ജീവിച്ചിരിക്കുമ്പോൾത്തന്നെ അദ്ദേഹത്തിന് നേടാനായി എന്ന വസ്തുത അദ്ദേഹത്തിന്റെ ജീവിതശൈലിക്ക് മാറ്റുകൂട്ടുന്നുണ്ട്.

സത്യത്തിന്റെയും നീതിയുടെയും പാതയിൽ ഒരു വേറിട്ട മുഖം ഡൺസ്റ്റനച്ചനുണ്ടായിരുന്നു. സത്യത്തിന് നിരക്കാത്ത യാതൊന്നും അദ്ദേഹം സംസാരിക്കുന്നതോ പ്രവർത്തിക്കുന്നതോ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല; ആരും അത്തരത്തിലുള്ള ഒരു സംഭവത്തെക്കുറിച്ചുപോലും പറയുന്നതും കേട്ടിട്ടില്ല. കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും സർവസാധാരണമായ ആനുകാലിക സമൂഹത്തിൽ അതിനെതിരെ വളരെ ശക്തമായി പ്രതികരിച്ചിട്ടുള്ളയാളാണ് അദ്ദേഹം. കൈക്കൂലി കൊടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും ഒരു സ്ഥാപനം പണിയുന്നതിനോ നടത്തുന്നതിനോ തടസ്സം നേരിട്ടാൽ അത് ദൈവരാജ്യത്തിനുള്ള ഏറ്റവും ശ്രേഷ്ഠമായ ഒരു സാക്ഷ്യമായിരിക്കുമെന്ന് അദ്ദേഹത്തിന് ഉറച്ച ബോധ്യമുണ്ടായിരുന്നു; അതിൽനിന്നും അണുവിട മാറാതെ തീരുമാനങ്ങളെടുത്ത് നടപ്പാക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനുമായിരുന്നു.

സന്ന്യാസവൈദികപരിശീലനരംഗത്ത് നിരവധി വർഷങ്ങൾ സേവനം ചെയ്ത ഡൺസ്റ്റനച്ചന്റെ കറകളഞ്ഞതും വിശുദ്ധിനിറഞ്ഞതുമായ ജീവിതം തന്നെയായിരുന്നു ഏറ്റവും ശക്തമായ പരിശീലനഉപകരണം. നീതിന്യായത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ഏറെ

കണിശ്ശക്കാരനായിരുന്നു അദ്ദേഹമെങ്കിലും, വ്യക്തികളെ നയിക്കുന്നതിൽ അദ്ദേഹത്തിന് സ്വന്തമായിരുന്ന കരുണയുടെയും സ്നേഹത്തിന്റെയും ഭാവം ഒരു പരിശീലകനെന്നനിലയിൽ ഡൺസ്റ്റനച്ചനെ വേറിട്ടവനാക്കി. രോഗികളായ അർത്ഥികളോട് അദ്ദേഹം പുലർത്തിയിരുന്ന മനോഭാവവും സമീപനവും എപ്പോഴും കരുണയിൽ ചാലിച്ചതായിരുന്നു.

ആധ്യാത്മികജീവിതത്തിൽ തന്നോടുതന്നെ ഏറെ കാർക്കശ്യം പുലർത്തിയിരുന്ന ഡൺസ്റ്റനച്ചൻ ആഴമേറിയ അറിവോടും ആത്മാർത്ഥമായ തീക്ഷ്ണതയോടുംകൂടെ വളരെയേറെ ശിഷ്യരെ ആത്മീയതയിൽ വളർത്തുവാനായി നിരന്തരം ഒരു കൈത്താങ്ങായിരുന്നു. താത്വികമായി ആത്മീയതയെക്കുറിച്ചും അറിവുണ്ടായിരുന്ന അദ്ദേഹത്തിന് തന്റെ പ്രോജ്ജ്വലമായ ആത്മീയാനുഭവങ്ങളുടെ ബലത്തിൽ മറ്റുള്ളവരെ വിജയകരമായി നയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദിവ്യകാരുണ്യസന്നിധിയിൽ അദ്ദേഹം ചിലവഴിച്ച നീണ്ട മണിക്കൂറുകൾ, വളരെ പ്രത്യേകമായി നിശയുടെ നിശബ്ദതയിൽ തുടർച്ചയായി യേശുസാന്നിധ്യത്തിലായിരുന്നത്, അദ്ദേഹത്തെ വേറിട്ട ഒരു ആത്മീയ ശൈലിയുടെ ഉടമയും ആചാര്യനുമാക്കി.

ഡൺസ്റ്റനച്ചന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ വേറിട്ട ജീവിതം വഴി സി.എം.ഐ. സന്ന്യാസജീവിതശൈലിയെ കൂടുതൽ ആത്മീയവും ആകർഷവുമാക്കിയതിന്, സത്യവും നീതിയും കരുണയും ആത്മീയജീവിതത്തിന്റെ ഊടും പാവുമാണെന്ന് നമ്മെ തുടർച്ചയായി ഓർമിപ്പിക്കുന്നതിന്, കൂടുതൽ ആഴമേറിയതും ഒട്ടും വ്യതിചലിക്കാത്തതുമായ ഒരു വ്യക്തിബന്ധം ദൈവവുമായി ഈ ആധുനികകാലത്തും ജീവിക്കുവാൻ കഴിയുമെന്ന് ഉച്ചൈസ്തരം തന്റെ ജീവിതം വഴി പ്രഘോഷിക്കുന്നതിന്... ദൈവമേ നിനക്ക് സ്തുതി! ഡൺസ്റ്റനച്ചന്റെ ഈശോപാസനം ഏവർക്കും കൂടുതൽ പ്രചോദനമേകട്ടെയെന്ന് ആശംസിക്കുന്നു. അദ്ദേഹത്തിന്റെ അനന്യമായ ജീവിതം വിശുദ്ധിയുടെ വിളങ്ങുന്ന മാതൃകയായി തിരുസഭയിൽ ഉയർത്തപ്പെടട്ടെയെന്നാണ് പ്രാർത്ഥന...

**ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ, പ്രേഷിത പ്രോവിൻസ്